# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4967 | 14.11.2019-ന് മറുപടിയ്ക്ക് |
|---|---|

**<u>പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് ഭൂമി ഏറ്റെടുക്കൽ</u>**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് മലപ്പുറം കളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | 30/05/2018-ലെ സ.ഉ (സാധ) 1984/2018/റവ നമ്പർ ഉത്തരവു പ്രകാരം കോട്ടയ്ക്കൽ വില്ലേജിലെ പുത്തൂർ - ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. 26/10/2018-ലെ സ.ഉ (അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവീസ് സൊസൈറ്റി എന്ന ഏജൻസി സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 06/08/2019-ലെ സ.ഉ (കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. . |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരമായ ചെലവുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനും വേണ്ടിയുള്ള തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല |
| (ഡി) | സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 06/08/2019-ലെ സ.ഉ (കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട സാഹചര്യത്തിൽ 11(1) വിജ്ഞാപനം, 19(1) പ്രഖ്യാപനം എന്നിവ പ്രസിദ്ധപ്പെടുത്തി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ